# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

**പി.ആർ.ഒ/35/246/2016** **പത്രക്കുറിപ്പ്** **2016 നവംബർ 17**

## പരീക്ഷാ തീയതി

ഒൻപതാം സെമസ്റ്റർ ബി.ആർക് (2012 അഡ്മിഷൻ റഗുലർ, 2011 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഡിസൈൻ ഫോർ ഡിസാസ്റ്റർ മിറ്റിഗേഷൻ ആന്റ് മാനേജ്മെന്റ് പേപ്പറിന്റെ പരീക്ഷ നവംബർ 24ന് ഉച്ചകഴിഞ്ഞ് 1 മുതൽ 5 മണി വരെ നടത്തും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

ഒന്നും രണ്ടും സെമസ്റ്റർ/ഒന്നാം വർഷ എം.കോം, എം.എസ്.സി, എം.എ, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.റ്റി.എ ഡിഗ്രി പരീക്ഷകൾ നവംബർ 30ന് ആരംഭിക്കും.

## അപേക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെയും യൂണിവേഴ്സിറ്റി കോളജ് ഓഫ് ടീച്ചർ എജ്യൂക്കേഷനുകളിലെയും ഒന്നാം സെമസ്റ്റർ ബി.എഡ് (സി.എസ്.എസ് – 2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി – ദ്വിവൽസര കോഴ്സ്) പരീക്ഷകൾ ഡിസംബർ 8 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ നവംബർ 21 വരെയും 50 രൂപ പിഴയോടെ 22 വരെയും 500 രൂപ സൂപ്പർഫൈനോടെ 25 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 20 രൂപ വീതവും സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

മൂന്നാം സെമസ്റ്റർ ബി.എഡ് (സ്പെഷ്യൽ എജ്യൂക്കേഷൻ – ഇന്റലക്ചൽ ഡിസെബിലിറ്റി – 2015 അഡ്മിഷൻ – സി.എസ്.എസ്) ഡിഗ്രി പരീക്ഷകൾ ഡിസംബർ 5 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ നവംബർ 21 വരെയും 50 രൂപ പിഴയോടെ 22 വരെയും 500 രൂപ സൂപ്പർഫൈനോടെ 25 വരെയും സ്വീകരിക്കും. അപേക്ഷകർ 100 രൂപ വീതം സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റിനായ 100 രൂപയും അടയ്ക്കണം.

## പ്രാക്ടിക്കൽ പരീക്ഷ

തൃപ്പൂണിത്തുറ ആർ.എൽ.വി കോളജിലെ ബി.എ (സി.ബി.സി.എസ്.എസ്) മൂന്നും അഞ്ചും സെമസ്റ്റർ (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ് – 2013ന് മുൻപുള്ള അഡ്മിഷൻ) കഥകളി സംഗീതം പ്രാക്ടിക്കൽ നവംബർ 23, 24 തീയതികളിലും, മ്യൂസിക് – വയലിൻ പ്രാക്ടിക്കൽ നവംബർ 28 മുതൽ ഡിസംബർ 2 വരെയും കോളജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## യു.ജി അഡ്മിഷൻ കൗൺസിലിംഗ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജിയിൽ ജനറൽ വിഭാഗത്തിൽ റാങ്ക് ലിസ്റ്റ് രണ്ടിൽ റാങ്ക് നമ്പർ 501 മുതൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സീറ്റൊഴിവുണ്ട്. താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം നവംബർ 21ന് രാവിലെ 11 മണിക്ക് ഗാന്ധിനഗറിലുള്ള ഓഫീസിൽ എത്തിച്ചേരണം. ഫോൺ 0481–6061012, 6061014.

## പ്രോജക്ട് ഇവാലുവേഷൻ/വൈവാ വോസി പരീക്ഷ

എം.ജി സർവ്വകലാശാല ആറാം സെമസ്റ്റർ എം.സി.എ (2013 അഡ്മിഷൻ റഗുലർ, 2011 ഉം 2012 ഉം അഡ്മിഷൻ സപ്ലിമെന്ററി, 2014 അഡ്മിഷൻ ലാറ്ററൽ എൻട്രി, 2013 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് ഇവാലുവേഷനും വൈവാവോസിയും നവംബർ 24 മുതൽ അതത് കോളജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

**പരീക്ഷാ ഫലം**

2016 ആഗസ്റ്റ് മാസം നടത്തിയ അവസാന പ്രൊഫഷണൽ ബി.ഡി.എസ് പാർട്ട് രണ്ട് (സപ്ലിമെന്ററി – 2008ന് മുൻപുള്ള അഡ്മിഷൻ/2008 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഉള്ള അപേക്ഷകൾ നവംബർ 30 വരെ സ്വീകരിക്കും.

**യു.ജി.സി ദ്വിദിന ദേശീയ സെമിനാർ സമാപിച്ചു**

മഹാത്മാ ഗാന്ധി സർവ്വകലാശാല ഗാന്ധിയൻ പഠന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആധുനിക കാലഘട്ടത്തിലെ ഡിമൻഷ്യ പരിചരണം എന്ന വിഷയത്തിൽ യു.ജി.സി ദ്വിദിന ദേശീയ സെമിനാർ നടത്തി. സമാപനസമ്മേളനം പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് മെമ്പർ കെ. ഷെറഫുദ്ദീൻ, ഡോ. ജേക്കബ് റോയിക്ക് ലൈഫ് റൈറ്റം അച്ചീവ്മെന്റ് അവാർഡ് നൽകി. കേറ്റ് ടോംസ്, ജൂലി ലന്റ് (യു.കെ) എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഡോ. റോയി സി മാത്യു, ഡോ. പി. എസ്. സുകുമാരൻ, ഡോ. പത്മനാഭൻ, മാത്യു കണമല, കെ. എസ്. രജനി, ഡോ. വർഗീസ് പുന്നൂസ്, കെ. വി. താൻസൺ, ഡോ. രാജീവ് കുമാർ, എം. ജെ. സെബാസ്റ്റ്യൻ, അനീഷ് മോഹൻ, ഡോ. ഹരിലക്ഷ്മീന്ദ്രകുമാർ എന്നിവർ വിവിധ യോഗങ്ങളിൽ പങ്കെടുത്തു.

**ഡോ. കെ. ജയചന്ദ്രൻ**

എം.ജി സർവ്വകലാശാല കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടറായി നവംബർ 14 മുതൽ ചുമതലയേറ്റ ഡോ. കെ. ജയചന്ദ്രൻ (അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് ബയോസയൻസസ്/ഹോണററി ഡയറക്ടർ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക്)

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**